"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ ഡയറക്ടറും മാനേജിംഗ് ഡയറക്ടറുമായിരുന്ന ശ്രീ.പി.എസ്.രാജീവിന്റെ നിയമന കാലാവധി 01.06.2021 മുതൽ 08.09.2021 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നല്കി പുറപ്പെട്ടുവിച്ച ഉത്തരവ് സാധൂകരിക്കുന്നത് - സംബന്ധിച്ച്

---

കൃഷി (പി.യു) വകുപ്പ്

G.O.(Rt)No.653/2022/AGRI തീയതി,തിരുവനന്തപുരം, 18-07-2022

---

പരാമർശം:- 31.05.2021 ലെ സ.ഉ(സാധാ)നം.454/2021/കൃഷി നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ ഡയറക്ടറും മാനേജിംഗ് ഡയറക്ടറുമായിരുന്ന ശ്രീ.പി.എസ്.രാജീവിന്റെ നിയമന കാലാവധി 01.06.2021 മുതൽ 08.09.2021 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നല്കി പുറപ്പെട്ടുവിച്ച പരാമർശത്തിലെ സർക്കാർ ഉത്തരവ് സാധൂകരിച്ചു ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P M ALI ASGAR PASHA IAS
SECRETARY

പകർപ്പ് - മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
പ്രിൻസിപ്പൾ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (13.07.22ലെ മന്ത്രിസഭ യോഗ തീരുമാനം നമ്പർ - 923)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 18-07-2022 14:51:22**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-07-2022

ഫയൽ നം. 125/പിയു3/2020/അഗ്രി. ഇനം നം: 923

വിഷയം : കൃഷി വകുപ്പ് - കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറും, ഡയറക്ടറുമായിരുന്ന ശ്രീ. പി.എസ്. രാജീവിന്റെ സേവനകാലാവധി 01.06.2021 മുതൽ 08.09.2021 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകിയ സ.ഉ.(സാധാ) 454/2021/കൃഷി തീയതി 31.05.2021 നമ്പർ സർക്കാർ ഉത്തരവ് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

923

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 125/ പിയു3/ 2020/ അഗ്രി. |
| 2 | വകുപ്പ് | : കൃഷി (പിയു) വകുപ്പ് |
| 3 | വിഷയം | :കൃഷി വകുപ്പ് - കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ മാനേജിങ് ഡയറക്ടറും ഡയറക്ടറുമായിരുന്ന ശ്രീ. പി. എസ്. രാജീവിന്റെ സേവന കാലവധി 01-06-2021 മുതൽ 08-09-21 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകിയ സ.ഉ.(സാധാ) 454/ 2021/ കൃഷി തീയതി 31-05-2021 നമ്പർ സർക്കാർ ഉത്തരവ് സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 21-06-2022. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി മീര എസ്. |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി ഇഷിത റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 08 - 07 - 2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 11 - 07 - 2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 11 - 07 - 2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 12 - 07 - 2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ മാനേജിങ് ഡയറക്ടറായും ഡയറക്ടറായും നിയമിതനായ ശ്രീ. പി. എസ്. രാജീവിന്റെ സേവന കാലവധി 01/06/2021 മുതൽ 08/09/2021 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകിയ സ.ഉ.(സാധാ) 454/2021/കൃഷി തീയതി 31/05/2021 നമ്പർ സർക്കാർ ഉത്തരവ് സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2.കേരള വാട്ടർ അതോറിറ്റിയിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയിരുന്ന ശ്രീ. പി. എസ്. രാജീവിനെ 08-09-2016-ലെ സ.ഉ.(സാധാ) നമ്പർ 778/ 2016/ കൃഷി പ്രകാരം കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷിനിൽ മാനേജിങ് ഡയറക്ടറായും ഡയറക്ടറായും 08-09-2016 മുതൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചു. വാർഷികാടിസ്ഥാനത്തിൽ വിവിധ സർക്കാർ ഉത്തരവുകളിലൂടെ അദ്ദേഹത്തിന്റെ സേവനകാലാവധി വിരമിക്കൽ തീയതിയായ 31-05-2021 വരെ ദീർഘിപ്പിച്ചു നൽകി.

3. ശ്രീ. പി. എസ്. രാജീവിന്റെ നേതൃത്വത്തിൽ കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവിധ സ്കീമുകളിലായി ഏകദേശം 650 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതിനാലും ടി പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലായതിനാലും നിയമന കാലവധി ദീർഘിപ്പിച്ചു നൽകണമെന്ന ഡയറക്ടർ ബോർഡിന്റെ ശിപാർശ മാനിച്ചും ടിയാന്റെ നിയമന കാലാവധി 01-06-2021 മുതൽ 08-09-2021 വരെ പുനർ നിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചു കൊണ്ട് സ.ഉ.(സാധാ) നമ്പർ 454/2021/കൃഷി തീയതി 31/05/2021 പ്രകാരം സർക്കാർ ഉത്തരവായി.

4). ടിയാന്റെ 01/06/2021 മുതലുള്ള സേവന വേതന വ്യവസ്ഥകൾ നിർണയിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിനു നൽകിയപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു :-

*"കേന്ദ്ര സംസ്ഥാന സർവ്വീസിൽ നിന്നോ കെ.എസ്.ആർ ഭാഗം III ചട്ടം 20 ൽ സൂചിപ്പിക്കുന്ന ലോക്കൽഫണ്ട് സ്ഥാപങ്ങളിൽ നിന്നോ അടുത്തുൺപ്പറ്റി പിരിഞ്ഞവരെ സർക്കാറിന്റെ ജനറൽ ഫണ്ടിൽനിന്നോ / ലോക്കൽഫണ്ടിൽ നിന്നോ വേതനം നൽകി നിയമിക്കേണ്ടി വരുമ്പോൾ കെ.എസ്.ആർ ഭാഗം III*

റൂൾ 100 പ്രകാരമുള്ള പുനർ നിയമന വേതന വ്യവസ്ഥയാണ് ബാധകം. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020 ലെ 530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ടി സർക്കുലറിനോട് അനുബന്ധിച്ച ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ പുനർ നിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും ടി നിബന്ധനകൾ ബാധകമാക്കേണ്ടതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.പി.എസ്. രാജീവിനെ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ ഡയറക്ടറായും മാനേജിംഗ് ഡയറക്ടറായും 01.06.2021 മുതൽ 08.09.2021 വരെ പുനർ നിയമന വ്യവസ്ഥയിൽ നിയമിച്ചത് മന്ത്രിസഭാ യോഗത്തിന്റെ അനുമതി ഇല്ലാതെയാണ്. ആയതിനാൽ ടി നിയമനത്തിന് മന്ത്രിസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്. ശ്രീ.പി.എസ്. രാജീവിന്റെ സേവനം കെ.എൽ.ഡി.സി.-യിൽ അത്യന്താപേക്ഷിതമാണ് എന്ന് ഭരണവകുപ്പ് തീരുമാനിക്കുന്ന പക്ഷം വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കിയ ശേഷം ബഹു മന്ത്രിസഭയുടെ അനുമതിയോടെ ഒരു വർഷ കാലയളവിലേക്ക് പുനർ നിയമനം നൽകാവുന്നതാണ്.

**ശ്രീ.രാജീവ് പി.എസ്.-ന്റെ 01.06.2021 മുതൽ 08.09.2021 വരെയുള്ള പുനർ നിയമനത്തിനു ബഹു മന്ത്രിസഭയുടെ സാധൂകരണം ലഭ്യമായതിനു ശേഷം ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ (പി) നം 159/2016/ധന-യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിക്കേണ്ടതാണ്.**

ഭരണവകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 19.10.2016 ലെ സ.ഉ (പി) നം 159/2016/ധന ഉത്തരവ് പ്രകാരം ശ്രീ.പി.എസ്.രാജീവിന്റെ പുനർ നിയമന വേതനം ചുവടെ ചേർക്കുന്ന രീതിയിൽ നിർണ്ണയിക്കാവുന്നതാണ്.

| Re employment pay | The pay at the time of retirement – Basic pension |
|---|---|
| Basic pay | 54880(108000-53120) |
| DA (36% - of 54,880) | 19757 |
| HRA | 3000 |
| CCA | 500 |
| Total | **78137** |

5).ശ്രീ. പി. എസ്. രാജീവിന്റെ നിയമനകാലവധി സ.ഉ.(സാധാ) നമ്പർ 454/2021/കൃഷി തീയതി 31/05/2021 നമ്പർ ഉത്തരവ് പ്രകാരം 01/06/2021 മുതൽ 08/092021 വരെ പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകിയ ഉത്തരവ് സാധൂകരിക്കുന്ന കാര്യത്തിൽ തീരുമാനത്തിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്കു സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

**തീരുമാനിക്കേണ്ട വിഷയം**

കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ മാനേജിങ് ഡയറക്ടറായും ഡയറക്ടറായും നിയമിതനായ ശ്രീ. പി. എസ്. രാജീവിന്റെ സേവന കാലവധി 01/06/2021 മുതൽ 08/09/2021 വരെ പുനർ നിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ചു നൽകിയ സ.ഉ.(സാധാ) 454/2021/കൃഷി തീയതി 31/05/2021 നമ്പർ ഉത്തരവിന് സാധൂകരണം നൽകാമോ ?